(ഡി) എച്ച്.സി./വി.ഒ.മാരായി ഏറ്റവും ഒടുവിൽ 7-7-2003-ൽ പ്രൊമോഷൻ നൽകിയ നടപടി ക്രമത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

നാച്ചുറൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫാക്കൽറ്റിയുടെ 'പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഫാക്കൽറ്റി' തസ്തിക

34 (2792) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിനോടനുബന്ധിച്ചുള്ള നാച്ചുറൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫാക്കൽറ്റിയുടെ പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഫാക്കൽറ്റി തസ്തികയിൽ ഇപ്പോൾ ജോലി നോക്കുന്ന ഉദ്യോഗസ്ഥൻ ആരാണ് ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥനെ എന്ന് മുതൽ നിയമിച്ചു എന്നും എന്നാണ് നിയമന ഉത്തരവ് നൽകിയതെന്നും വ്യക്തമാക്കാമോ ;

(സി) അദ്ദേഹം പ്രസ്തുത പോസ്റ്റിൽ ജോയിൻ ചെയ്തത് എന്നാണ് ;

(ഡി) ജോയിൻ ചെയ്യുന്നതിന് തീയതി ദീർഘിപ്പിച്ചുകൊടുക്കണമെന്ന് അദ്ദേഹം അപേക്ഷിച്ചിരുന്നുവോ ;

(ഇ) ഇല്ലെങ്കിൽ നിശ്ചിത തീയതിക്കകം ജോയിൻ ചെയ്യാതെ താമസിച്ചു ജോയിൻ ചെയ്യാൻ അനുവദിച്ചത് എന്ത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ;

(എഫ്) പ്രസ്തുത പോസ്റ്റിൽ നിയമിക്കപ്പെടാതെ സർവ്വീസിലുള്ള ആളാണെങ്കിൽ അതിൽ ജോയിൻ ചെയ്യുന്നതിന് ആ സർവ്വീസിൽ നിന്ന് വിടുതൽ വാങ്ങിയിരിക്കണമെന്ന വ്യവസ്ഥ പാലിച്ചിരുന്നുവോ ;

(ജി) പ്രസ്തുത ഉദ്യോഗസ്ഥൻ മുൻപ് ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ നിന്ന് ശൂന്യവേതന അവധിയെടുത്താണ് ഈ ഫാക്കൽറ്റിയിൽ ജോയിൻ ചെയ്തതെങ്കിൽ നിയമാനുസൃതമാണോ ; അനുവദനീയമാണോ ;

(എച്ച്) കെ.എസ്.ആർ.-ലെ വ്യവസ്ഥ പ്രകാരം സർക്കാർ ധനസഹായം നൽകുന്ന എയ്ഡഡ് കോളേജിൽ നിന്നും ഗവൺമെന്റ് പൂർണ്ണമായും സഹായധനം നൽകുന്ന പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ശൂന്യവേതന അവധിയെടുത്ത് ജോലിക്ക് വരുന്നുത് ക്രമാനുസൃതമാണോ ;

(ഐ) ക്രമാനുസൃതമല്ലാത്ത പക്ഷം ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഡോ. കെ. ജി. താര 17-7-2002-ൽ നിയമന ഉത്തരവ് നൽകി.

(സി) 1-10-2002.

(ഡി) ഇല്ല.

(ഇ) 17-7-2002-ലെ സർക്കാരിന്റെ നിയമന ഉത്തരവിൽ ജോലിയിൽ പ്രവേശിക്കേണ്ട തീയതി നിഷ്ക്കർഷിച്ചിട്ടില്ല.

(എഫ്) ശൂന്യവേതന അവധിയെടുത്ത് വിടുതൽ വാങ്ങിയിട്ടുണ്ട്.

(ജി&എച്ച്) ഇല്ല.

(ഐ) ക്രമാനുസൃതമല്ലെന്നുള്ള ആക്ഷേപം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

"ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിലെ പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഫാക്കൽറ്റി നിയമനം"

35 (2793) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റിൽ ഉള്ള നാച്വറൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഫാക്കൽറ്റി സ്ഥാപിച്ചപ്പോൾ അതിന്റെ പ്രൊഫസർ ആന്റ് ഹെഡ് ഓഫ് ഫാക്കൽറ്റിയായി ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരെയാണ് നിയമിച്ചത് ;

(സി) ഈ പോസ്റ്റിലേക്കുള്ള നിയമനത്തിന് ഏതൊക്കെ പത്രത്തിൽ പരസ്യം കൊടുത്തിരുന്നോ ;

(ഡി) പത്രത്തിൽ പരസ്യം കൊടുത്തില്ലെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ പോസ്റ്റിലേക്ക് നിയമിക്കപ്പെടുന്നവർക്ക് നിശ്ചയിക്കപ്പെട്ട പ്രായപരിധി എത്രയായിരുന്നു ;

(എഫ്) ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെടുന്നതിന് അപേക്ഷിക്കുകയും നിയമനം ലഭിക്കുകയും ചെയ്ത ആളിന് അപേക്ഷ തീയതിയിലും ഇന്റർവ്യൂ തീയതിയിലും എത്ര വയസ് പൂർത്തിയായിരുന്നു ;

(ജി) പ്രസ്തുത ഉദ്യോഗസ്ഥന്റെ അപേക്ഷാ തീയതിയും ഇന്റർവ്യൂ തീയതിയും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly